# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5140 | 05-07-2012-ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഊർജ്ജ സംരക്ഷണ സാധ്യമാകത്തക്കവിധത്തിൽ ഉപഭോഗത്തിൽ ബോധവൽക്കരണം നല്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) വൈദ്യുതോർജ്ജ സംരക്ഷണം സാദ്ധ്യമാക്കുന്നതിനായി എല്ലാ മേഖലകളിലും താഴെപ്പറയുന്ന പരിപാടികൾ നടപ്പി ലാക്കി വരുന്നുണ്ട്.<br>• വ്യവസായങ്ങളിലെ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ , ബോധവൽക്കരണ ക്ലാസ്സുകൾ .<br>• ഗാർഹിക മേഖലയിൽ വനിതാ വാളണ്ടിയർമാർ മുഖേന വീട്ടമ്മമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്ന എനർജി ക്ലിനിക് പരിപാടി.<br>• വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനുള്ള എനർജി സ്മാർട്ട് സ്കൂൾ / നാളേക്കിത്തിരി ഊർജ്ജം പരിപാടി.<br>• പഞ്ചായത്ത് പ്രസിഡന്റുമാർക്കും , ഊർജ്ജ കാര്യം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും കിലയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ .<br>• പൊതുജന വായനശാലകളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ .<br>• വിവിധ സംഘടനകൾ , റസിഡൻസ് അസ്സോസിയേഷനുകൾ , സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ , പ്രദർശനങ്ങൾ . |

ഊർജ്ജ സംരക്ഷണത്തിനായി പത്ര മാധ്യമങ്ങൾ വഴി നടത്തുന്ന സേവ് പരിപാടി.

(ബി) ഊർജ്ജ സംരക്ഷണത്തിൽ മികവ് പുലർത്തുന്ന ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും അവാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ രംഗത്ത് മികവു പുലർത്തുന്നവർക്ക് കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് എന്ന പേരിൽ കേരള സർക്കാർ അവാർഡ് ഓരോ വർഷവും നൽകി വരുന്നുണ്ട്.

(സി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

(സി) എനർജി മാനേജ്മെന്റ് സെന്ററാണ് കേരള സർക്കാരിനു വേണ്ടി അവാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും വിലയിരുത്തി അവാർഡ് പ്രഖ്യാപനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതും. 2011 ൽ താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് അവാർഡ് നൽകിയത്.

- വൻകിട ഊർജ്ജ ഉപഭോക്താക്കൾ
- ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ
- ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ
- പത്ര ദൃശ്യ മാധ്യമങ്ങൾ
- ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപ നങ്ങൾ
- ഗവേഷണവും നൂതനാശയങ്ങളും
- വ്യക്തികൾ /ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കുമുള്ള നിർദ്ദേശങ്ങൾ
- ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ നിർമ്മാതാക്കൾ /വിതരണക്കാർ
- കെട്ടിട നിർമ്മാതാക്കളും, രൂപ കല്പന ചെയ്യുന്നവരും.
- എനർജി ക്ലിനിക് വാളണ്ടിയർ
- സർട്ടിഫൈഡ് എനർജി ഓഡിറ്റർ / മാനേജർ
- സ്കൂളുകൾ
- കോളേജുകൾ
- ഫ്ലീറ്റ് ഓപ്പറേറ്റർമാർ.

സെക്ഷൻ ഓഫീസർ.